കുട്ടികൾക്കും സഹായവും പിന്തുണയും അടിയന്തരഘട്ടങ്ങളിൽ താത്കാലിക താമസ സൗകര്യവും നൽകാൻ സാധിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളാണ് 'സ്നേഹിത' നിയമം, പോലീസ്, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളും മറ്റ് സർക്കാർ സർക്കാരിതര വകുപ്പുകൾ/ ഏജൻസികൾ/ എൻ.ജി.ഒ.-കൾ എന്നിവയുമായി സഹകരിച്ചാണ് ആവശ്യക്കാർക്ക് 'സ്നേഹിത' പിന്തുണ നൽകുന്നത്. ഇതിനോടൊപ്പം ജില്ലാതല ഏകോപന മീറ്റിംഗുകൾ ജില്ലാ കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. പഞ്ചായത്തുതല ഏകോപന മീറ്റിംഗുകൾ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജനപ്രതിനിധികളുടേയും മറ്റ് വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സഹകരണത്തോടെ നടന്നു വരുന്നു.

വിധവാ പെൻഷൻ കുടിശ്ശിക

302 (3589) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവാ പെൻഷന് അർഹതയുള്ള എത്ര ഗുണഭോക്താക്കളാണുള്ളത് ;

(ബി) ഇപ്പോൾ വിധവാ പെൻഷൻ എത്ര രൂപയാണ് ;

(സി) ഏതുവരെയുള്ള വിധവാ പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) എത്രമാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിധവാ പെൻഷന് അർഹതയുള്ള 10,09,217 ഗുണഭോക്താക്കളാണ് ഉള്ളത്.

(ബി) വിധവാ പെൻഷൻ നിലവിൽ പ്രതിമാസം 800 രൂപ നിരക്കിൽ നൽകി വരുന്നു.

(സി) 2014 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനുള്ള തുക ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞു.

(ഡി) വിധവാ പെൻഷൻ വിതരണത്തിൽ 3 മാസത്തെ കുടിശ്ശികയുണ്ട്. ഇതിന് 25,432.27 ലക്ഷം രൂപ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly